# ഒൻപത് വയസ്സുകാരിയെ ലൈംഗീകമായി പീഡിപ്പിച്ച കേസ്സിലെ പ്രതി അറസ്റ്റിൽ

തണ്ടേക്കാട്ഃ സ്കൂൾ വിദ്യാർത്ഥിനിയായ ഒൻപത് വയസ്സുകാരിയെ 01.10.2016 തീയതി മുതൽ 17.10.2016 തീയതി വരെയുള്ള ദിവസങ്ങൾക്കിടയിൽ പല ദിവസം ലൈംഗീകമായി പീഡിപ്പിച്ച പ്രതി, വാഴക്കുളം ഭാഗത്ത് താണിക്കുന്നേൽ ആൻറണി മകൻ അന്തുക്കുട്ടി ജോസ് എന്നുവിളിക്കുന്ന ജോസ് ആൻറണി വയസ്സ് 54/17 എന്നയാളെ പെരുമ്പാവൂർ പോലീസ് ഇന്ന് അറസ്റ്റു ചെയ്തു.

എറണാകുളം ചൈൽഡ് ലൈനിൽ നിന്നും ലഭിച്ച റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ പ്രതിയ്ക്കെതിരെ പെരുമ്പാവൂർ പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരികയായിരുന്നു.

മാതാപിതാക്കളോടൊന്നിച്ച്താമസ്സിച്ചുവന്ന 9 വയസ്സുകാരിയെ കുട്ടി വീട്ടിൽ തനിച്ചുള്ളസമയത്താണ് പീഡിപ്പിച്ചിരുന്നത്. കേസ്സെടുത്തശേഷം ഒളിവിൽ പോയ പ്രതിയെ വാഴക്കുളം ഭാഗത്ത് വച്ച് കണ്ട് സ്റ്റേഷനിൽ കൂട്ടികൊണ്ടുവന്ന് സാക്ഷികളെ കാണിച്ച് തിരിച്ചറിയിച്ച ശേഷം അറസ്റ്റു രേഖപ്പെടുത്തുകയായിരുന്നു. അറസ്റ്റിലായ പ്രതി വാഴക്കുളം പോലീസ് സ്റ്റേഷനിലെ അടിപിടി കേസ്സിലേയും പ്രതിയാണ്.

പെരുമ്പാവൂർ പോലിസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ.ബൈജു പൗലോസിൻെറ നേതൃത്വത്തിൽ SCPO രാജീവ് CPO അനിൽകുമാർ എന്നിവരുൾപ്പെട്ട സംഘമാണ് പ്രതിയെ അറസ്റ്റുചെയ്തത്.പ്രതിയെ ഇന്ന് കോടതിയിൽ ഹാജരാക്കി റിമാൻറു ചെയ്തു.